ഹദീസ്

അമൽ അബൂബകർ

# നാല് മൂല്യങ്ങൾ

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: أَرْبَعٌ إِذَا كُنَّ فِيكَ فَلا عَلَيْكَ مَا فَاتَكَ مِنَ الدُّنْيَا: حِفْظُ أَمَانَةٍ، وَصِدْقُ حَدِيثٍ، وَحُسْنُ خَلِيقَةٍ، وَعِفَّةٌ فِي طُعْمَةٍ (البيهقي في شعب الإيمان 4801).

**അബ്ദുല്ലാഹിബ്നു അംറിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നാലു കാര്യങ്ങൾ നിന്നിലുണ്ടെങ്കിൽ ദുൻയാവിൽ എന്ത് നഷ്ടപ്പെട്ടാലും നിനക്കത് പ്രശ്നമാകില്ല. വിശ്വസ്തതയുടെ സൂക്ഷിപ്പ്, സംസാരത്തിലെ സത്യസന്ധത, സ്വഭാവ മഹിമ, ഭക്ഷണത്തിന്റെ വിശുദ്ധി" (ബൈഹഖി– 4801, അഹ്മദ്– 6652, ഇബ്നു വഹബ്– 546, ഹാകിം– 7876 തുടങ്ങിയവർ ഉദ്ധരിച്ച ഈ നബിവചനം പ്രബലമാണെന്ന് അൽബാനി (873) രേഖപ്പെടുത്തിയിട്ടുണ്ട്).**

വിലമതിക്കാനാകാത്ത ചിലതുണ്ട് മനുഷ്യ ജീവിതത്തിൽ. അവ കാത്തുസൂക്ഷിച്ചാൽ വ്യക്തിത്വം തിളക്കമുള്ളതാകും. അവ നഷ്ടപ്പെട്ടാൽ മനുഷ്യൻ തീരെ വിലകെട്ടവനായിത്തീരും. ഉദാത്ത മൂല്യങ്ങളും സദ്ഗുണങ്ങളുമാണ് ആ അമൂല്യ രത്നങ്ങൾ. അപൂർവമോ വിലകൂടിയതോ ആയ ഭൗതിക വസ്തുക്കളും സ്ഥാനമാനങ്ങളും സമ്പത്തുമൊക്കെയാണ് ചിലർക്ക് പരമപ്രധാനം. അവ സ്വന്തമാക്കാനും നിലനിർത്താനും വേണ്ടി മറ്റെന്തും അവർ നഷ്ടപ്പെടുത്തും. അവ നഷ്ടപ്പെടാതിരിക്കാൻ അവർ ജാഗ്രത പുലർത്തും, നഷ്ടപ്പെട്ടാൽ പരിഹാരം ലഭിക്കുന്നതിനായി ഇൻഷൂർ ചെയ്യും. ജീവിതത്തെ ഭൗതികമായി മാത്രം കാണുന്നവരുടെ നിലപാടാണിത്. എന്നാൽ നന്മ ആഗ്രഹിക്കുന്ന മനുഷ്യർ ചില മൂല്യങ്ങൾക്കാണ് മറ്റെന്തിനേക്കാളും വില കൽപ്പിക്കുക. ജീവിതത്തിലുടനീളം അവ ഉയർത്തിപ്പിടിക്കാൻ അവർ ശ്രദ്ധ പുലർത്തും. അത്തരം മൂല്യങ്ങൾ കൈമോശം വന്നാൽ തങ്ങളുടെ വ്യക്തിത്വം തന്നെ നഷ്ടപ്പെട്ടതായാണ് അവർ മനസ്സിലാക്കുക. എല്ലാ വിഭാഗങ്ങളിലും അത്തരം നല്ല മനുഷ്യരെ കാണാം. എന്നാൽ, സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം അത്തരം മുല്യങ്ങൾ മുറുകെപ്പിടിക്കേണ്ടത് ആദർശപരമായ ബാധ്യതയാണ്. നമ്മുടെ സാമൂഹിക പദവി ഉയർത്തുന്നതിലും സ്വർഗലബ്ധി ഉറപ്പുവരുത്തുന്നതിലും ഈ മൂല്യങ്ങൾക്ക് വലിയ പങ്കുണ്ട്.

ഇസ്ലാമിക സമൂഹം മുഖമുദ്രയായി സ്വീകരിക്കേണ്ട മഹത്തായ നാല് മൂല്യങ്ങളാണ് ഈ വചനത്തിൽ നബി (സ) പഠിപ്പിക്കുന്നത്. വിശ്വാസ്യത, സത്യസന്ധത, സദ്സ്വഭാവം, വിശുദ്ധ ഭക്ഷണം എന്നിവയാണവ. നിരവധി ഘടകങ്ങൾ ചേർന്നതാണ് സംസ്കാര സമ്പന്നത. അതിന്റെ നെടുംതൂണുകളാണ് ഇവ നാലും; സംസ്കാര സമ്പന്നനായ മുസ്ലിമാകാൻ ആഗ്രഹിക്കുന്നവൻ ജീവിതത്തിൽ മുറുകെപ്പിടിക്കേണ്ട മുഖ്യഘടകങ്ങൾ. ഭൂമിയിലുള്ള മറ്റെന്തിനേക്കാളും സത്യവിശ്വാസിക്ക് ഇവ പ്രധാനമാണെന്ന് സൂചിപ്പിക്കാനാണ് നബി (സ) ഇങ്ങനെ തുടങ്ങിയത്: 'നാലു കാര്യങ്ങൾ നിന്നിലുണ്ടെങ്കിൽ ദുൻയാവിൽ എന്ത് നഷ്ടപ്പെട്ടാലും നിനക്കത് പ്രശ്നമാകില്ല.' ലാഭനഷ്ടങ്ങൾ അളക്കേണ്ടത് വെറും ഭൗതിക മാനദണ്ഡങ്ങൾകൊണ്ടല്ല, മൂല്യാധിഷ്ഠിത ജീവിതവും പരലോകത്തെ നേട്ടകോട്ടങ്ങളും ആധാരമാക്കിയാണ്. അതാണ് ഈ നബിവചനത്തിന്റെ പ്രാരംഭപാഠം.

**വിശ്വസ്തതയുടെ സൂക്ഷിപ്പ്**

ഉത്തമ വ്യക്തിത്വത്തിന്റെ ഹൃദയത്തുടിപ്പാണ് വിശ്വസ്തത. ഹൃദയത്തിന് മാരകരോഗം ബാധിച്ച ശരീരം പോലെയാണ് വിശ്വസിക്കാൻ കൊള്ളാത്ത മനുഷ്യൻ. സമൂഹത്തിൽ അയാൾക്കൊരു വിലയുമുണ്ടാകില്ല. പരസ്പരവിശ്വാസമാണ് കുടുബ ഭദ്രതയുടെയും സാമൂഹിക സുരക്ഷിതത്വത്തിന്റെയും അടിയാധാരങ്ങളിലൊന്ന്. ഭാര്യാഭർത്താക്കന്മാർക്കിടയിലെ വിശ്വാസ്യതയിലാണ് ദാമ്പത്യത്തിന്റെ കെട്ടുറപ്പ്. മാതാപി

താക്കളും മക്കളും, സഹോദരങ്ങളും കുടുംബാംഗങ്ങളും തമ്മിലൊക്കെ വിശ്വാസ്യതയുണ്ടെങ്കിലേ സ്നേഹമസൃണമായ കൂട്ടുകുടുംബം നിലനിൽക്കൂ. സഹപ്രവർത്തകർ, സഹപാഠികൾ, സഹജീവികൾ, സഹയാത്രികർ മുതൽ അയൽവീടുകളും അയൽരാഷ്ട്രങ്ങളും വരെ പരസ്പരവിശ്വാസം കാത്തുസൂക്ഷിച്ചാലേ സമാധാനവും സുരക്ഷിതത്വവും അനുഭവിക്കാനാകൂ. പരസ്പര വിശ്വാസമില്ലാത്ത ജീവനക്കാർ ഒരു സ്ഥാപനത്തെ തകർക്കും. ഒരു സംഘടന കെട്ടുറപ്പുള്ളതാകുന്നത് അതിന്റെ അണികൾ പരസ്പര വിശ്വാസത്തിലെടുക്കുമ്പോഴാണ്. വിശ്വാസ്യത നഷ്ടപ്പെട്ടാൽ എല്ലായിടത്തും അരക്ഷിതത്വമായിരിക്കും.

വിശ്വാസ്യത ഇല്ലാത്തവന് വിശ്വാസം തന്നെയില്ല-*ലാ ഈമാന ലിമൻ ലാ അമാനത്ത ലഹു* - എന്നാണ് നബി പഠിപ്പിച്ചത്. ശുദ്ധിയില്ലാത്തവന് നമസ്കാരമില്ല എന്നും ഇതേ ഹദീസിൽ നബി തുടരുന്നുണ്ട്. അപ്പോൾ, നമസ്കാരത്തിൽ ശുദ്ധിക്കുള്ള സ്ഥാനമാണ് ഈമാനിൽ വിശ്വസ്തതക്ക് ഉള്ളതെന്നർഥം. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നതിനർഥം ജനങ്ങൾക്ക് അയാളെ വിശ്വസിക്കാം എന്നുകൂടിയാണ്. മനുഷ്യർക്ക് വിശ്വസിക്കാൻ കൊള്ളാത്തവന്റെ ദൈവ വിശ്വാസം അർഥശൂന്യമാണ്. വിശ്വസിക്കാൻ കൊള്ളാവുന്നവരെ മാത്രമേ ആരും എന്തിനും പരിഗണിക്കൂ. വിശ്വാസ്യത ഒരു യോഗ്യതാ പത്രമാണ്. മുഹമ്മദു ബ്നു അബ്ദുല്ല ദൈവദൂതനായി തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പേ വിശ്വസ്തൻ- അൽ അമീൻ- ആയിരുന്നുവെന്ന് ഓർക്കുക. സത്യസന്ദേശത്തിന്റെ സ്വീകാര്യതയിൽ അതിന്റെ വാഹകരുടെ വിശ്വാസ്യതക്ക് വലിയ പങ്കുണ്ട്.

**സംസാരത്തിലെ സത്യസന്ധത**

നന്മകളിലേക്ക് തുറക്കുന്ന വാതിലാണ് സത്യസന്ധത. 'നിങ്ങൾ സത്യസന്ധത മുറുകെ പിടിക്കുക, അത് നിങ്ങളെ സുകൃതങ്ങളിലേക്ക് നയിക്കും, സുകൃതങ്ങൾ സ്വർഗത്തിലേക്കും' എന്ന് നബി പറഞ്ഞിട്ടുണ്ട്. സത്യസന്ധനായാൽ പല തിന്മകളിൽ നിന്നും രക്ഷപ്പെടാനാകും. വിശ്വാസ്യതയുടെ അളവുകോലുകളിലൊന്നാണ് സംസാരത്തിലെ സത്യസന്ധത. വിശ്വസ്തതയുള്ളവർ സത്യം മാത്രമേ പറയൂ. കളവ് പറയുന്നവനെ വിശ്വസിക്കാൻ കൊള്ളില്ല. സംസാരത്തിൽ കള്ളം പറയുക ചിലരുടെ ശീലമാണ്. ചെറുപ്പത്തിലെപ്പോഴോ ചെറുകള്ളങ്ങളിൽനിന്ന് തുടങ്ങിയതാണവർ. താൽക്കാലിക കാര്യസാധ്യമാണ് അവരുടെ ലക്ഷ്യം. പക്ഷേ, കള്ളം പറയുന്നതിലൂടെ വ്യക്തിവിശുദ്ധി നഷ്ടപ്പെടുന്നു. പല തെറ്റുകളും ചെയ്യാൻ മനസ്സ് പാകപ്പെടുന്നു. തെറ്റുകൾ മറച്ചുവെക്കാനാണല്ലോ പലപ്പോഴും കള്ളം പറയുന്നത്. സ്ഥിരമായി കള്ളം പറയുന്നവരെ ശ്രദ്ധിച്ചുനോക്കൂ. മറക്കു പിന്നിൽ അവർക്ക് ദുശിപ്പുകൾ പലതുമുണ്ടാകും. ആ മറ നീങ്ങുന്നതോടെ അവർക്ക് പലതും നഷ്ടപ്പെടും, അവർ ഒറ്റപ്പെടും. എല്ലാറ്റിനും കാരണം കളവു പറയുകയെന്ന അവരുടെ ശീലമാണ്. 'ഇനി മുതൽ സത്യം മാത്രമേ പറയൂ' എന്ന് ഒരു ദുഷ്കർമിയോട് നബി വാക്കു വാങ്ങിയത് ഓർക്കുക. അയാളുടെ എല്ലാ തെറ്റുകളും തടയാനുള്ള ഒറ്റമൂലിയായിരുന്നു ഈ സത്യശപഥം. ഇന്നലെ എന്തു ചെയ്തുവെന്ന് ചോദിച്ചാൽ, സത്യസന്ധമായി മറുപടി പറയേണ്ടതുള്ളതുകൊണ്ട്, തെറ്റുകളിൽനിന്ന് അകന്നുനിൽക്കുന്ന സാഹചര്യം സൃഷ്ടിക്കുകയായിരുന്നു നബി.

**ഉത്തമ സ്വഭാവം**

നാം നമ്മുടെ സ്വഭാവമാണ്, മറ്റൊന്നുമല്ല. നല്ല സ്വഭാവത്തിന്റെ ഉടമകളാണോ എങ്കിൽ നാം നല്ല മനുഷ്യരാണ്. മുന്നിലെ കണ്ണാടിയിൽ നമ്മുടെ മുഖവും വസ്ത്രവും ശരീരവും പ്രതിബിംബിക്കുന്ന പോലെ, സമൂഹത്തിനു മുമ്പിൽ നമ്മെ പ്രതിഫലിപ്പിക്കുന്നത് നമ്മുടെ സ്വഭാവമാണ്. നല്ല സ്വഭാവമില്ലെങ്കിൽ മറ്റൊന്നും നമ്മെ നല്ലവരോ വലിയവരോ ആക്കില്ല. ലോകത്തിന് മാതൃകയായി പ്രവാചകഗുരു നിയോഗിതനാകുമ്പോൾ അദ്ദേഹത്തിന്റെ പ്രധാന യോഗ്യത 'ഉത്തമ സ്വഭാവമുടയവൻ' എന്നതായിരുന്നു. ആ സ്വഭാവം കൊണ്ട് ലോകം അദ്ദേഹത്തെ സ്നേഹിച്ചു, അനുഗമിച്ചു. ആളുകൾ നമ്മോട് എങ്ങനെ പെരുമാറുന്നതാണോ നമ്മെ സന്തോഷിപ്പിക്കുന്നത്, അതുപോലെ അവരോടും പെരുമാറുക, ലോകം നമ്മെയും സ്നേഹിക്കും. 'നിങ്ങളുടെ സമ്പത്തുകൊണ്ട് നിങ്ങൾക്ക് ജനങ്ങളുടെ സാമീപ്യം നേടാനാകില്ല, നിങ്ങളുടെ പ്രസന്നമായ മുഖവും ഉത്തമ സ്വഭാവ മൂല്യങ്ങളുമാണ് അവരെ നിങ്ങളിലേക്ക് അടുപ്പിക്കുക' എന്ന് നബി പഠിപ്പിച്ചിട്ടുണ്ട് (ബസ്സാർ നിവേദനം ചെയ്തത്, നമ്പർ 9319).

**വിശുദ്ധ ഭക്ഷണം**

മനസ്സും ശരീരവും വിശുദ്ധമാകണമെങ്കിൽ, ആഹരിക്കുന്നതും വിശുദ്ധമായിരിക്കണം. കെട്ട ഭക്ഷണം വായും വയറും കേടാക്കുന്ന പോലെ, നിഷിദ്ധമായ ഭക്ഷണം ജീവിതത്തെത്തന്നെ മലിനമാക്കും. 'നിഷിദ്ധങ്ങൾ ആഹരിച്ചവന്റെ അവയവങ്ങൾ ധിക്കാരികളായിരിക്കും, അറിഞ്ഞും അറിയാതെയും ഉദ്ദേശിച്ചാലും ഇല്ലെങ്കിലും. അനുവദനീയമായവ ഭക്ഷിച്ചാൽ അവയവങ്ങൾ അനുസരണശീലരായിരിക്കും, നന്മകൾക്ക് ഉതവിയുള്ളവയായിരിക്കും'- സഹ്ലുബ്നു അബ്ദുല്ല അത്തുസ്തരി പറയുകയുണ്ടായി. മറ്റൊരാളുടേത് ഒന്നും കവർന്നെടുക്കാത്ത, ചൂഷണത്തിന്റെയോ തട്ടിപ്പിന്റെയോ കറപുരളാത്ത നല്ല സമ്പാദ്യം കൊണ്ടു മാത്രം ആഹരിക്കുക. അത് മനസ്സിനെ ശാന്തമാക്കും, ശരീരത്തെ രോഗമുക്തവും ജീവിതത്തെ സ്വസ്ഥസുരഭിലവുമാക്കും. മലിനമായ സമ്പത്ത് രക്തത്തിൽ കലർന്നാൽ ദൈവാനുഗ്രഹം അന്യമായിത്തീരും, ഇഹലോകത്തും പരലോകത്തും. മുഹമ്മദ് നബി പറഞ്ഞിട്ടുണ്ട്; 'അന്ത്യനാളിൽ അധികപേരും നിലവാരം കെട്ടവരായിരിക്കും, സമ്പാദ്യം വിശുദ്ധമായവരൊഴികെ' (ബൈഹഖി, ഇബ്നു ഹിബ്ബാൻ, സ്വഹീഹുൽ ജാമിഅ 2785). 'മ്ലേഛതകളിൽ മുളച്ചുവളർന്ന ശരീരങ്ങൾ നരകാഗ്നിക്കാണ് അർഹമാവുക' എന്നും നബിവചനമുണ്ട്. ●